ആരായുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അത്ര പെട്ടെന്ന് ഗവൺമെന്റിന് സജസ്റ്റ് ചെയ്യാൻ സാധിക്കുന്നതല്ല. അവർ ഒരു ഏജൻസി മുഖേനയാണ് പ്രൊപ്പോസൽ തന്നിരിക്കുന്നത്. I.L. and F.S.-ഉം ആയി ചർച്ച നടത്താനും തീരുമാനമെടുക്കാനും ഗവൺമെന്റ് ശ്രമിക്കുന്നു. കഴിയുന്നത്ര വേഗം ചർച്ച നടത്തി തീരുമാനിക്കണമെന്നാണ് ഗവൺമെന്റിന്റെ ഉദ്ദേശം. ഒരു ഫയൽ ഡിപ്പാർട്ടുമെന്റിൽ പോയാലുള്ള സ്ഥിതി നമുക്കെല്ലാപേർക്കും അറിയാമല്ലോ.

(6) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കരിനില കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച്

ശ്രീ. ഡി. സുഗതൻ : സർ, എന്റെ നിയോജകമണ്ഡലമായ അമ്പലപ്പുഴയിലെ തകഴി, പുറക്കാട്, അമ്പലപ്പുഴ എന്നീ സ്ഥലങ്ങളും ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റയും ചേർന്ന പ്രദേശമാണ് കരിനിലങ്ങളെന്നു പറയുന്നത്. ഒൻപതിനായിരം ഏക്കർ കരിനിലങ്ങളാണുള്ളത്. അവിടെ കറുത്ത മണ്ണും മരങ്ങളുടെ അവശിഷ്ടങ്ങളും ഉണ്ട്. അവിടെ എപ്പോഴും കൃഷി നഷ്ടമാണ്. 1994 മുതൽ പത്ത് വർഷമായി കൃഷി നഷ്ടമാണ്. ഒന്നുകിൽ വെള്ളപ്പൊക്കംകൊണ്ട് അല്ലെങ്കിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കും. 4500 ഏക്കറോളം കൃഷി ഇപ്പോൾത്തന്നെ ചെയ്യുന്നുണ്ട്. അവിടത്തെ കൃഷിക്കാർ കടംകയറി മുടിയുകയാണ്. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യം പറയുന്നതുപോലൊന്നും നടക്കുന്നില്ല. അതുകൊണ്ട് ഈ കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളാനുള്ള നടപടി ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സ്വീകരിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് മൂന്ന് വർഷമായി. ഇവിടെ ഒരു പുറക്കാട് കരിനില വികസന ഏജൻസി റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത് ഇപ്പോഴാണ്. അതിന് പത്ത് പൈസപോലും കൊടുത്തിട്ടില്ല. അടിയന്തിരമായി പ്രസ്തുത പുറക്കാട് കരിനില വികസന ഏജൻസിക്ക് രണ്ട് കോടി രൂപ അനുവദിക്കണം. കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളാനുള്ള നടപടിയും സ്വീകരിക്കണമെന്ന് ഞാൻ വിനീതിമായി അഭ്യർത്ഥിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, കരിനില വികസന ഏജൻസിയുടെ പ്രദേശമായ പുറക്കാട്, തകഴി, അമ്പലപ്പുഴ, കരുവാറ്റ എന്നീ പ്രദേശങ്ങളിൽ കൃഷി നഷ്ടപ്പെട്ട കൃഷിക്കാർക്ക് വിത്തും വളവും സൗജന്യമായും കൃഷി നഷ്ടപ്പെട്ടിട്ടുള്ള മറ്റ് കൃഷിക്കാർക്ക് കൊടുക്കുന്നതുപോലുള്ള ആനുകൂല്യങ്ങളും നൽകുന്നതിനാവശ്യമായ നടപടികളെടുത്തിട്ടുണ്ട്. അതിനുപുറമേ പുറക്കാട് കരിനില വികസന ഏജൻസി സംഘടിപ്പിച്ച് കെ.എൽ.ഡി.സി.-യെക്കൊണ്ട് അതിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ് ചെയ്യാനും ഏതൊക്കെ മറ്റ് ആനുകൂല്യങ്ങൾ കൊടുക്കാൻ സാധിക്കുമെന്നുള്ളതിനെ

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ചുമുള്ള ഒരു പ്രോജക്ട് ഉണ്ടാക്കുന്നുണ്ട്. 2004-ലെ കാർഷിക കടാശ്വാസ നിയമം കരിനില കൃഷിക്കാർക്കും ബാധകമാണ്. ഇതുവച്ചുകൊണ്ട് 2004 ജനുവരി 23 മുതൽ 2005 ജനുവരി 23 വരെ കൃഷിക്കാർ എടുത്തിട്ടുള്ള കടങ്ങൾ മുഴുവൻ സ്റ്റേ ചെയ്തിട്ടുണ്ട്. ഇതിനിടയിൽ വന്നിട്ടുള്ള പലിശയും പിഴപ്പലിശയും എഴുതിത്തള്ളുന്നതാണ്. ഈ കാലാവധിക്കുശേഷം എത്ര ഗഡുക്കളായി റീ-ഷെഡ്യൂൾ ചെയ്യണമെന്നതുസംബന്ധിച്ച് ആലോചിക്കുന്നതാണ്. കൃഷിക്കാരുടെ കടം മുഴുവൻ എഴുതിത്തള്ളാൻ പറ്റുമോയെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടില്ല. ഈ പ്രദേശത്ത് ഒരു പ്രത്യേക കൃഷിയാണ് ഉള്ളത്. ആ നിലങ്ങൾ വളക്കൂറുള്ള നിലങ്ങളല്ലെന്നുള്ളത് ദീർഘകാലമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. എങ്കിലും കൃഷി നടത്തുന്നതിനാവശ്യമായ ധനസഹായം കൊടുക്കാനുള്ള നടപടിയെടുക്കാം. അതിന് പ്രത്യേകമായി രണ്ട് കോടി രൂപ കൊടുക്കണമെന്ന് പറഞ്ഞാൽ ബഡ്ജറ്റിൽ അതിന് പ്രൊവിഷൻ ഇല്ല. ആകെ 11 കരിനില വികസന ഏജൻസികൾക്കും കൂടിയുള്ള താൽക്കാലിക ആശ്വാസത്തിനായി ബഡ്ജറ്റിൽ ആകെ 50 ലക്ഷം രൂപയേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. എന്നാൽ ഈ കരിനില വികസന ഏജൻസികൾക്കെല്ലാം നബാർഡിന്റെ സഹായത്തോടുകൂടി ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ് ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികളെടുത്തിട്ടുണ്ട്. ഒന്നോ രണ്ടോ ഒഴിച്ച് മുഴുവൻ സംഘടനകൾക്കും നബാർഡിൽനിന്നുള്ള സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നബാർഡിൽനിന്നുള്ള സഹായം കിട്ടിയാൽ ഇതിൽ ആവശ്യമായ നടപടികളെടുക്കും.

VII. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ 19-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കാര്യോപദേശക സമിതിയംഗവും സഭാനേതാവുമായ ഞാൻ സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VIII. റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, കാര്യോപദേശക സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) : സർ, ഞാൻ പിൻതാങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly